"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള സഹകരണ ട്രൈബ്യൂണലായ ശ്രീ.ശേഷാദ്രിനാഥൻ എൻ. -ന് എൽ.ടി.സി. ഇനത്തിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.102/2024/Co-Op    തീയതി,തിരുവനന്തപുരം, 16-02-2024

---

പരാമർശം:-

1. 16/08/2006 ലെ സ.ഉ.(കൈ) നം.131/2006/Home നമ്പർ ഉത്തരവ്.
2. 23/08/2022 ലെ സ.ഉ.(കൈ) നം.569/2022/സഹ നമ്പർ ഉത്തരവ്.
3. കേന്ദ്ര സർക്കാരിന്റെ 16.06.2023 ലെ ഓഫീസ് മെമ്മോറാണ്ടം നം.19024/03/2021-E.
4. കേരള സഹകരണ ട്രൈബ്യൂണലായ ശ്രീ.ശേഷാദ്രിനാഥൻ. എൻ 20/02/2023 തീയതിയായി സമർപ്പിച്ച KCT-29/2008 നമ്പർ കത്ത്.
5. കേരള സഹകരണ ട്രൈബ്യൂണൽ സെക്രട്ടറിയുടെ 06/12/2023 ലെ KCT-968/2022 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സഹകരണ ട്രൈബ്യൂണലായ ശ്രീ.ശേഷാദ്രിനാഥൻ എൻ. 01/03/2023 മുതൽ 04/03/2023 വരെ നടത്തുന്ന ഗുജറാത്ത് യാത്രയുടെ വിമാനയാത്രയ്ക്കുള്ള തുകയായ 34,862/- (മുപ്പത്തി നാലായിരത്തി എണ്ണൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) രൂപ, 2017-2021 കാലയളവിലെ (LTC) ലീവ് ട്രാവൽ കൺസഷൻ ഇനത്തിൽ അഡ്വാൻസ് ആയി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) ജുഡീഷ്യൽ ഓഫീസർമാർക്ക് കാലാകാലങ്ങളിൽ ബാധകമായ LTC / HTC ചട്ടങ്ങളുടേയും, കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഓഫീസ് മെമ്മോറാണ്ടങ്ങളും പരാമർശം ഒന്നിലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയുണ്ടായി.

3) സഹകരണ ട്രൈബ്യൂണലായ ശ്രീ.ശേഷാദ്രിനാഥനും ഭാര്യയും 01/03/2023 ന് തിരുവനന്തപുരത്ത് നിന്നും അഹമ്മദാബാദിലേക്ക് നടത്തിയ യാത്രയുടെ വിമാനച്ചെലവായ 17902/- രൂപയും, 04/03/2023 ലെ തിരിച്ചുള്ള വിമാനച്ചെലവായ 16960/-രൂപയും ചേർത്ത് ആകെ 34,862/- (മുപ്പത്തി

നാലായിരത്തി എണ്ണൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) രൂപ 2017-2021 കാലയളവിലെ (LTC) ലീവ് ട്രാവൽ കൺസഷൻ ഇനത്തിൽ അനുവദിച്ച് നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അമൃത്‌ലാൽ എ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ.ശേഷാദ്രിനാഥൻ എൻ., കേരള സഹകരണ ട്രൈബ്യൂണൽ, സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ, തൈക്കാട് പി.ഒ, തിരുവനന്തപുരം.
2. രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം. (ആമുഖ കത്ത് സഹിതം)
3. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
4. സെക്രട്ടറി, കേരള സഹകരണ ട്രൈബ്യൂണൽ, സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ, തൈക്കാട് പി.ഒ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ &ഇ) കേരള, തിരുവനന്തപുരം.
6. വെബ് ആൻഡ് ന്യൂ മീഡിയ
7. കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 16-02-2024 16:10:06